ST THOMAS FORANE PARISH BULLETIN

# സാന്തോം മെസഞ്ചർ

## SANTHOME MESSENGER



# NEW LIFE


2,00,000+
satisfied families
Chavara
Matrimony.com
World's No.1 Christian Matrimonial
Marriages
are Eternal
5 Lakhs+ Christian Profiles
Roman Catholic Syrian Christian
Roman Catholic Latin Christian
Roman Catholic Malankara Christian
Knanaya Catholic
Anglo Indian
Jacobite
Legacy Of 23 Years
1 Lakh + Marriages
CHAVARA FAMILY WELFARE CENTRE
H.O. Chavara Cultural Centre, Kochi (Managed by CMI Priests Since 1996)
25 BRANCHES IN KERALA, BANGALORE, COIMBATORE, MUMBAI & DELHI
BANGALORE 94468 19687
Fr. Roby Kannanchira CMI
(Director)
Johnson C. Abraham
(Executive Director)
FREE
REGISTRATION FOR
30
DAYS
99 61 74 44 44
04844080333
1800 103 4080
Follow us

# സാന്തോം മെസഞ്ചർ
SANTHOME MESSENGER

St. Thomas Forane Church - Parish Bulletin
Dharmaram College, Bangalore - 560029

Vol: 45 / Issue: 2 / March - April 2019



## Editorial Board

**Printed & Published by**
Rev. Fr. Cyriac Madathil CMI
Vicar, St. Thomas Forane Church
Mob : 9605963021

**Chief Editor**
Fr. Jobin Tholanickal CMI
Asst. Vicar
Mob : 7276251626
E-mail : jobintholani@gmail.com

**Associate Editor**
Fr. Shan Kunnumpurathu CMI
Asst. Vicar
Mob : 6238512775
E-mail : shankunnumpurathu @gmail.com

**Editorial Board**
Mr. Benjamin Raphael (Trustee in charge)
Mr. Tony Thomas
Mr. Leejoe Thomas
Mrs. Prameela Varghese
Mrs. Sweetha Mary Rejy

**Layout Design & Printing**

**Matha Printers**
Tel : 2684 5565, 9886809060
E-mail : mathaprints@gmail.com


## Contents


| | |
|---|---|
| പിതൃമൊഴി | 2 |
| ഇടയനാദം | 3 |
| Restoration of the lost Image of God | 4 |
| Editorial | 5 |
| ട്രസ്റ്റിമാർ സംസാരിക്കുന്നു | 6 |
| Circular | 7 |
| ഉത്ഥാനവും പുതുജൻമവും | 10 |
| തിരിച്ചറിവിന്റെ തിരുനാൾ | 12 |
| Pope Francis In UAE | 14 |
| Catholics Should Know | 16 |
| Church News | 20 |
| Mandya Diocese | 21 |
| ഇടവക വാർത്തകൾ | 22 |
| Catechism Corner | 26 |
| Santhome Kinder | 27 |
| Angels' Messenger | 28 |
| എഫ്ഫാത്ത ബൈബിൾ ക്വിസ് | 30 |
| Eden Word Puzzle | 31 |
| Ephron Word Puzzle | 32 |
| Ephraim Crossword | 33 |
| Dates to remember | 34 |


സാന്തോം മെസഞ്ചറിലേക്കുള്ള എഫാത്ത ബൈബിൾ ക്വിസ്, Cross Word, Word Puzzle മത്സരങ്ങളുടെ ഉത്തരങ്ങളും; ജന്മദിനം, വിവാഹം, വിവാഹ വാർഷികം, ചരമ വാർഷികം തുടങ്ങിയവയുടെ ഫോട്ടോ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവരും പരസ്യങ്ങൾ നൽകാൻ താത്പര്യം ഉള്ളവരും മെയ് 25–ാം തിയതിക്കുമുമ്പ് ഇടവക ഓഫീസിൽ ഏൽപിക്കുക.


Email : stthomasforanechurch@gmail.com Website: www.stthomasforanechurch.org
Mob. : 7276251626, 080 4370 2482

> YOU ARE A PEBBLE HOLDING ON TO THE CORNERSTONE, THAT STONE THAT EVILNESS OF SIN HAS DISCARDED.

# പിതൃമൊഴി



Dear Loving flock of the Most High God,

Every Easter is a sign of hope we all are waiting eagerly for, like the early Christian community, believing in the resurrection of our Lord and hoping for His second coming. As Pope Francis says, "Easter is a mystery of the thrown-away stone that ends up being the cornerstone of our existence". And we are those mere pebbles, held so preciously by our loving Father in Heaven, called to hold onto this cornerstone that gives us life and hope. After a period of renewal during the Lenten season we are born afresh in His resurrection. With renewed and open hearts let's pay heed unto the call of the Lord and prepare ourselves to receive the greatest promise of our Lord, the Holy Spirit by not letting ourselves fall into the enticing inclinations of this world.

May the Risen Shepherd bless you all abundantly to hold onto your faith unflinchingly and to carry on the good virtues nurtured during the Lenten season keeping the spirit of the early Christian community! Wishing you all the blessings and greetings of Easter.

**Mar Antony Kariyil**
Shepherd of Mandya Diocese

# ഉത്ഥാനം



വാത്സല്യമുള്ള കുടുംബാംഗങ്ങൾക്ക് ഉയിർപ്പ് തിരുനാൾ ആശംസകൾ...

എത്രമേൽ തകർന്നതും ഇരുളടഞ്ഞതുമായ ജീവിതത്തെയും ഉത്ഥാനപ്രഭയിൽ നിർത്താൻ ദൈവത്തിന് കഴിയും എന്ന പ്രത്യാശയുടെ സാക്ഷ്യമാണ് യേശുവിന്റെ ഉത്ഥാനം.

നായിനിലെ വിധവയുടെ മകനും (ലൂക്കാ 7:11–17) ജയ്റോസിന്റെ മകളും (മർക്കോ 5:35–43) ലാസറും (യോഹ 11:1–14) ഉത്ഥാനം ചെയ്തവരായിട്ടല്ല കണക്കാക്കുന്നത്. മർത്ത്യതയുടെ എല്ലാ പരിമിതികൾക്കപ്പുറത്തേയ്ക്കുള്ള ഒരു പ്രയാണമാണത്. ദൈവത്തിലേയ്ക്ക് മനുഷ്യന്റെ പ്രവേശനം സാധ്യമാക്കുന്ന സംഭവമാണ് ഉത്ഥാനം.

ഒരുപാട് ഉത്ഥാനതിരുനാളുകൾ ആഘോഷിച്ചിട്ടും ശിഷ്യർക്കുണ്ടായതുപോലെ ഉത്ഥാനാനുഭവം കിട്ടാത്തവരുണ്ട്. നമ്മിൽ ഉയിർക്കാത്തവരുണ്ടോ? അടഞ്ഞ ഹൃദയവും നിരാശയുടെ നെടുവീർപ്പുകളും ഭാവിയെക്കുറിച്ച് ദുഃസ്വപ്നങ്ങളുമായി വിശ്വാസങ്ങൾക്കു പുറകെ പോകുന്നവരും മനുഷ്യബന്ധങ്ങളെക്കാൾ ഭൗതിക താത്പര്യങ്ങൾ മുന്നിൽ കാണുന്നവരും ഉത്ഥാനാനുഭവത്തിലേയ്ക്ക് വരില്ല. ഉണരണം വലിയനോമ്പാചരണം, ഈ അനുഭവത്തിലേയ്ക്ക് നമ്മേ ഉണർത്താൻ തക്കതായിരിക്കണം.

അനുദിനം നമ്മളർപ്പിക്കുന്ന വി. ബലി ഉത്ഥിതനെ കണ്ടെത്താനും അനുഭവിക്കാനുമുള്ള ഏറ്റം ശ്രേഷ്ഠമായ മാർഗ്ഗമാണ്. നമ്മുടെ ഉത്ഥാനാനുഭവം ശുഷ്കമാണെങ്കിൽ നമ്മുടെ വി. ബലിയർപ്പണം ശുഷ്കമാണെന്നാണ് അർത്ഥം.

വി. തോമാശ്ലീഹായുടെ നിർബന്ധബുദ്ധിക്ക് മുന്നിൽ കീഴടങ്ങി, അനുരഞ്ജനപ്പെടാൻ വരുന്ന ഈശോ, ഉത്ഥാനാനുഭവം വി. ശ്ലീഹായിലൂടെ മറ്റൊരു തലത്തിൽ ലോകത്തിന് നൽകിയത് ഏറ്റുവാങ്ങിയവരാണ് നമ്മൾ. തോറ്റുകൊടുക്കാം... ക്ഷമിക്കാം... ബന്ധങ്ങളെ ദൃഢമാക്കാം... നഷ്ടങ്ങളെ നേട്ടങ്ങളാക്കാം ‘‘കാണാതെ വിശ്വസിക്കുന്നവൻ ഭാഗ്യവാൻമാർ...’’ കൂദാശജീവിതം നയിക്കുന്ന നമ്മൾ കാണാതെ വിശ്വസിക്കുന്നവരാണ്. ഉത്ഥിതനിൽ നമുക്ക് വിശ്വസിക്കാം.

**Fr. Cyriac Madathil CMI**
Forane Vicar



# RESTORATION OF THE LOST IMAGE OF GOD

**Fr. Shan Kunnumpurathu CMI, Asst. Vicar**

The tomb is empty, Mary Magdalene. But the world is full. The Savior Lives. He looks upon the world in the grip of death with all its pain and suffering and he has mercy on us. He gives us His Life. He calls us to share His Life with all around us.

We are made like eye witnesses of the race between Peter and John. John shows his superior strength stemming from his youth, and also his incredible deference for the rock of the Church. Still, this deference cannot keep him from believing before Peter. Seeing the rolled up burial cloths, John immediately believes. All that was said about the messiah becomes clear, all of the references to the resurrection of Jesus are recognized by John as true. 'He saw and he believed.' There is no hesitation, but a firm adherence of faith to a mystery too good to be true.

The classical formula of St. Athanasius on "grace as deification" suggests that God became man in order to make us God. The very plan of God in taking human form, death and resurrection was the restoration of the lost image of God. Although Jesus' disciples had trembled before the dead Jesus, once they saw the living Jesus, they became bold. From then on to the very present, the reason why the saints have spread gospel even as they have been persecuted for Christ, and why they have been willing to die for its sake, is because of the certainty of the resurrection of Christ and the assurance of their own resurrection as well.

Each Sunday we run with Peter and John to the mysterious encounter with Christ risen from the dead. Let us not be discouraged by our past.

# Editorial

ഇത്തവണ സാന്തോം മെസഞ്ചർ വെളിച്ചം കാണുന്നത് ഈസ്റ്റർ ദിനത്തിലാണ്. ദൈവത്തെ കല്ലറയ്ക്കുള്ളിൽ പൂട്ടിയിട്ടാൽ എന്തു സംഭവിക്കും എന്നതിനുത്തരമാണ് ഈസ്റ്റർ. മനുഷ്യന്റെ പ്രതീക്ഷകൾക്കു മേലേയാണ് ഉത്ഥിതന്റെ അനുഗ്രഹം. ഉയർത്തെഴുന്നേറ്റ കർത്താവിലും വിത്തിൽ നിന്നും മുളപൊട്ടുന്ന പുൽനാമ്പിലും ഒരേ ഉത്ഥാനമാണ് കാണേണ്ടത്. അതുകൊണ്ടാണ് 'പുതുജീവൻ' എന്ന സന്ദേശവുമായ് സാന്തോം മിഴി തുറക്കുന്നത്.

ജനനം മുതൽ മരണം വരെയും പ്രതീക്ഷകളുടെ ഹൈപ്പ് (hype) നിലനിർത്തിയവനാണ് കർത്താവ്. അവൻ ജനിച്ചപ്പോൾ രക്ഷകനെ പ്രതീക്ഷിച്ച ഒരു ജനം അകലെയും ഒരു വലിയ ഇടയനെ കാത്തിരുന്ന ആട്ടിടയന്മാർ അടുത്തും ഉണ്ടായിരുന്നു. അവന്റെ മരണത്തിലും അവന്റെ കല്ലറയിങ്കൽ ആകുലതയോടെ നോക്കി നിന്ന ശിഷ്യന്മാർക്കും പ്രതീക്ഷകൾ ഉണ്ടായിരുന്നു. മൂന്നു വർഷം തങ്ങൾ കൂടെ നിന്നവൻ പ്രതീക്ഷകൾ വിഫലമാക്കുകയില്ല എന്ന്. സഭയുടെ പുതുജീവൻ ഈ പ്രതീക്ഷയിലായിരുന്നു. ഈ പ്രതീക്ഷകൾ ഇന്നും തുടരട്ടെ. പരീക്ഷകൾക്കു ശേഷം ഒന്നു റിലാക്സ് ചെയ്യുമ്പോഴും നല്ല റിസൽട്ടിനു വേണ്ടിയുള്ള പ്രതീക്ഷ. പുതിയ ബിസിനസ്സ് സംരംഭത്തിന്റെ ഉയർച്ചക്കു വേണ്ടിയുള്ള പ്രതീക്ഷകൾ. ഇങ്ങനെ ഉയരുന്ന പ്രതീക്ഷകൾക്കു മുകളിലായി ഉത്ഥിതൻ കരങ്ങൾ വിരിക്കുന്നുണ്ട്. ഇവിടെയാണ് പുതിയ ജീവൻ ആരംഭിക്കുന്നത്.

സാന്തോം മെസഞ്ചർ ഇടവകയെ ഒന്നിക്കുന്ന അക്ഷരക്കൂട്ടമാണ്. നമ്മളോരോരുത്തരുമാണ് ഇതിലെ കഥാപാത്രങ്ങൾ. കുശലാന്വേഷണം നടത്തുന്ന ബന്ധങ്ങളിലെ ഊഷ്മളത ഈ വരികൾക്കിടയിൽ കണ്ടെത്തേണ്ടതുണ്ട്. വായനയിലൂടെ ആ ഊഷ്മളത കണ്ടെത്തുകയും പങ്കുവയ്പ്പിലൂടെ അതിനെ വളർത്തുകയും ചെയ്യുക.

ഉത്ഥാനത്തിന്റെ പുതുജീവൻ എല്ലാവർക്കും ആശംസിക്കുന്നു.

**ഫാ. ജോബിൻ തോലാനിക്കൽ CMI**
Asst. Vicar

# TRUSTEES



**Biju George**
(Chief Trustee)



**Benny Sebastian**



**Benjamin Raphael**



**George Chacko**



**John Saju**



**Mathew K Joseph**

- നമ്മുടെ ഇടവക തിരുനാൾ ഫെബ്രുവരി 23–24 തീയതികളിൽ ഭക്ത്യാദരപൂർവ്വം കൊണ്ടാടുകയുണ്ടായി. കലാ സാംസ്കാരിക വാദ്യഘോഷങ്ങളുടെ നിറച്ചാർത്തിൽ വർണ്ണാഭമായ തിരുനാളാഘോഷം ഒരു വൻ വിജയമാക്കിത്തീർക്കാൻ നമുക്കു സാധിച്ചു.
- തിരുനാളിന്റെ മുന്നൊരുക്കമായി നടത്തിയ കുടുംബ നവീകരണ ധ്യാനം ഇടവകാംഗങ്ങളുടെ സാന്നിദ്ധ്യം കൊണ്ട്, കുടുംബക്കൂട്ടായ്മയുടെ ഒരു ബഹിർസ്ഫുരണമായി മാറ്റുവാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്. മാർച്ച് 9 മുതൽ 13 വരെ നടത്തിയ അഭിഷേകാഗ്നി ധ്യാനം വിജയമാക്കിയതിൽ നമ്മുടെ പങ്കാളിത്തം എടുത്തു പറയേണ്ടതാണ്.
- മാർച്ച് 17-ാം തിയതി വി. യൗസേപ്പിതാവിന്റെ ഊട്ടുതിരുനാൾ 13–ാം വർഷവും ഭംഗിയായും ചിട്ടയോടും നടത്തുവാൻ സാധിച്ചത് ഇടവകാംഗങ്ങളുടെ ആത്മാർത്ഥമായ സഹകരണം കൊണ്ടുമാത്രമാണ്.
- അമ്പതുനോമ്പാചരണത്തിലൂടെ നാം വലിയ ആഴ്ചയിലേക്ക് പ്രവേശിച്ചിരിക്കുകയാണല്ലോ. ആത്മപരിത്യാഗത്തിന്റേയും സമർപ്പണത്തിന്റേയും ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ഈ നോമ്പുകാലം നമുക്ക് ഫലദായകമാക്കാം. 'ആഗതമാകുന്ന ഈസ്റ്ററിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു'.
- കഴിഞ്ഞ ഒരു വർഷക്കാലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം നമ്മുടെ ഇടവകയിൽ നിന്ന് സ്ഥലം മാറിപ്പോകുന്ന Rev. Fr. Tom Kunnumpurath - നും Rev. Fr. Thomas Thadathil - നും യാത്രാമംഗളങ്ങളും പ്രാർത്ഥനയും നേരുന്നതോടൊപ്പം പുതിയതായി ചാർജ്ജെടുത്ത Rev. Fr. Shan Kunnumpurath - നും Rev. Fr. Jobin Tholanickal- നും ഇടവകയിലേയ്ക്ക് ഹാർദ്ദവമായ സ്വാഗതം.
- മാർച്ച് 26–ന് ജന്മദിനം ആഘോഷിച്ച നമ്മുടെ അഭിവന്ദ്യപിതാവ് മാർ ആന്റണി കരിയിലിന് ഇടവകാംഗങ്ങളുടെ നൂറുനൂറു പിറന്നാൾ ആശംസകൾ.
- കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ ഇടവകയിൽ സേവനം ചെയ്ത സന്യാസ ഭവനങ്ങളിലെ സുപ്പീരിയർസ് ബഹു സി റജീസ് CMC, സി. മെജല്ല SABS സി. ശോഭ S H എന്നിവരെ നന്ദിയോടെ സ്മരിക്കുകയും യാത്രയപ്പ് നൽകുകയും ചെയ്തു

# സെന്റ് തോമസ് ഫൊറോന ഇടവകയിൽ നിന്നും കാലക്രമേണ രൂപം കൊണ്ട ഇടവകകളിലെ വികാരിയച്ചന്മാരും ദൈവജനവും അറിയുന്നതിന്

എല്ലാവർക്കും ഈശോമിശിഹായിൽ സമാധാനം ആശംസിക്കുന്നു.

നമ്മുടെ കുടുംബാംഗങ്ങളുടെ മൃതസംസ്കാരവുമായി ബന്ധപ്പെട്ട് അത്യന്തം ഗൗരവതരമായ ഒരു സാഹചര്യം നിങ്ങളെ ബോധ്യപ്പെടുത്താനാണ് ഈ കത്ത് എഴുതുന്നത്.

ഇതുവരെ മേൽപ്പറഞ്ഞ നമ്മുടെ ഇടവകകളെല്ലാം മൃതസംസ്കാരത്തിനായി ആശ്രയിച്ചിരുന്നത് ബാംഗ്ളൂർ അതിരൂപതയുടെ കീഴിലുള്ള സേക്രഡ് ഹാർട്ട് പള്ളി മേൽനോട്ടം നിർവ്വഹിച്ചു പോരുന്ന സിമിത്തേരിയായിരുന്നു. 2019 ജനുവരി 29–ാം തിയതി സേക്രഡ് ഹാർട്ട് പള്ളി വികാരി സെന്റ് തോമസ് ഫൊറോന വികാരിയായ എന്നെ കത്ത് മുഖേന താഴെപ്പറയുന്ന കാര്യങ്ങൾ അറിയിക്കുകയുണ്ടായി.

1. സ്ഥലപരിമിതി മൂലം മേൽപ്പറഞ്ഞ സിമിത്തേരിയിൽ ഇനി മുതൽ മൃതസംസ്കാരം അനുവദിക്കുകയില്ല.

2. നിലവിൽ കുടുംബ കല്ലറകൾ ഉള്ളവർക്ക് അവയിൽ സംസ്കരിക്കാൻ അനുവാദം ഉണ്ടായിരിക്കും.

3. സെന്റ് പാട്രിക് പള്ളിയുടെ മേൽനോട്ടത്തിലുള്ള സെമിത്തേരിയിൽ സംസ്കാരത്തിനുള്ള സൗകര്യം ഉപയോഗപ്പെടുത്തുക. അവിടെ മൂന്നു മുതൽ അഞ്ചു വർഷം വരെ മാത്രമേ കുഴികൾ ഉപയോഗിക്കാൻ അനുവാദം ഉണ്ടാവുകയുള്ളൂ. സെന്റ് തോമസ് ഫൊറോന പള്ളിയുടെ കത്ത് മുഖേനയാണ് ഇതിനുള്ള അനുവാദത്തിനായി സമീപിക്കേണ്ടത്.

സാഹചര്യത്തിന്റെ ഗൗരവം ഉൾക്കൊണ്ട് നമ്മുടെ പിതാവ് അഭിവന്ദ്യ മാർ ആന്റണി കരിയിൽ മെത്രാൻ 2019 ഫെബ്രുവരി 4–ാം തിയതി ബന്ധപ്പെട്ട പള്ളികളുടെ ഒരു പ്രതിനിധി യോഗം സെന്റ് തോമസ് ഫൊറോന പള്ളിയിൽ വിളിച്ചു ചേർത്ത് ഭാവി നടപടികളെക്കുറിച്ച് ചർച്ച ചെയ്തു.

ആദ്യപടിയായി രൂപതാ വികാരി ജനറാളും ഹൊങ്ങസാന്ദ്ര ഫൊറോന വികാരിയുമായ ബ. മാത്യു കോയിക്കരയച്ചനും അഡ്വക്കേറ്റ് പി.പി. പോളും ചേർന്ന് സേക്രഡ് ഹാർട്ട് പള്ളി വികാരിയെ സന്ദർശിച്ച് പെട്ടെന്നുള്ള മൃതസംസ്കാരം നിഷേധിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ കത്തിനെ കുറിച്ചുള്ള നമ്മുടെ ഉത്കണ്ഠയും നമ്മുടെ നിസ്സഹായതയും ബോധ്യപ്പെടുത്താൻ തീരുമാനിച്ചു. പരസ്പര ചർച്ചയിലൂടെ ഒരു പരിഹാരം ഉണ്ടാകുന്നതു വരെ തൽസ്ഥിതി തുടരണമെന്ന് അദ്ദേഹത്തോട് ഈ കൂടിക്കാഴ്ചയിൽ നമ്മൾ അഭ്യർത്ഥിച്ചു. പക്ഷേ ബാംഗ്ളൂർ അതിരൂപതാ തലത്തിൽ എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് കത്ത് എഴുതിയതെന്നും പ്രത്യേകിച്ച് മാറ്റങ്ങളൊന്നും കത്തിൽ പറഞ്ഞിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായി ചെയ്യാനാവില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

ഈ സാഹചര്യത്തിൽ ബാംഗ്ളൂർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ പീറ്റർ മച്ചാഡോ പിതാവിനെ നമ്മുടെ പ്രതിനിധികൾ കണ്ട് കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും നിലവിലുള്ള സംവിധാനം 2019 നവംബർ 2–ാം തിയതി വരെ തുടരാൻ അനുവാദം ലഭിക്കുകയും ചെയ്തു. പക്ഷേ നവംബർ 2–ാം തിയതിക്കു മുൻപായി ബദൽ സംവിധാനം നമ്മൾ കണ്ടെത്തണം എന്ന ഉപാധിയോടെയാണ് ഈ അനുവാദം അദ്ദേഹം തന്നിരിക്കുന്നത്.

ബാംഗ്ളൂർ അതിരൂപതാ മേൽനോട്ടം വഹിക്കുന്ന എല്ലാ സിമിത്തേരികളിലും സ്ഥലപരിമിതി എന്ന ഗൗരവമായ പ്രശ്നം ഉണ്ടെന്ന യാഥാർത്ഥ്യം അംഗീകരിക്കുമ്പോൾ തന്നെ എല്ലാ ക്രൈസ്തവർക്കും പ്രത്യേകിച്ച് നമ്മുടെ എല്ലാ കത്തോലിക്കാ സഹോദര സഭകൾക്കും അർഹതപ്പെട്ടതാണ് ഈ സെമിത്തേരികൾ എന്ന് കൂടി നമുക്ക് ബോധ്യമുണ്ട്. അതിനാൽ സ്ഥലപരിമിതി എന്ന പ്രശ്നത്തിന് എല്ലാവരേയും ഉൾക്കൊണ്ടു കൊണ്ടും വിശ്വാസത്തിൽ എടുത്തു കൊണ്ടും ഉള്ള ഒരു പരിഹാരമാണ് ഉണ്ടാവേണ്ടത്. ഈ പ്രശ്ന പരിഹാരത്തിനായി ലത്തീൻ, മലങ്കര സഭാവിഭാഗങ്ങളെപ്പോലെ നമ്മളും ശ്രമിക്കേണ്ടതായിട്ടുണ്ട്. ഇതിനു വേണ്ടി ബാംഗ്ളൂർ അതിരൂപത ഇറക്കിയിട്ടുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്.

1. കുടുംബകല്ലറകൾ ഇനി അനുവദിക്കപ്പെടുകയില്ല. കുഴിമാടങ്ങൾ തന്നെ 5 വർഷം കഴിഞ്ഞാൽ തുറന്ന് പുതിയ മൃതദേഹങ്ങൾ സംസ്കരിക്കുന്നതിന് സജ്ജമാക്കും.

2. നിലവിലുള്ള കല്ലറകളുടെ വിസ്തൃതി 7 : 3 എന്നാക്കി പരിമിതപ്പെടുത്തും. കൂടുതൽ സ്ഥലം ഇപ്പോൾ ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അങ്ങനെയുള്ള കല്ലറകളുടെ വശങ്ങൾ ഒതുക്കി പരിധിയിൽ വരുത്തും.

3. ശവപ്പെട്ടികൾ വേഗം ദ്രവിക്കുന്ന തടികൾ കൊണ്ടാണ് നിർമ്മിക്കേണ്ടത്.

4. മൃതദേഹം സംസ്കരിക്കുന്ന സ്ഥലം താല്ക്കാലികം മാത്രമായി അനുവദിക്കപ്പെട്ടതായതുകൊണ്ട് കുഴിമാടങ്ങൾ തുറക്കേണ്ടത് ആവശ്യമായി വരുമ്പോൾ, മാറ്റപ്പെടുന്ന അസ്ഥികൾ സൂക്ഷിക്കുന്നതിനായി സെമി

ത്തേരിയുടെ ചുറ്റുമതിലിൽ 'niche' തീർക്കുക. അവിടെ മരിച്ചവരുടെ ഓർമ്മ നിലനിർത്തുന്നതിന് 'plaques' ആകാം. ചുറ്റു മതിലിൽ 'niche' നു ലഭിക്കുന്ന സ്ഥലവിസ്തൃതി 1 : 2 ആയിരിക്കും. വിശദവിവരങ്ങൾ അതിരൂപതയുടെ അധികാര പരധിയിലുള്ള പള്ളികളെ അറിയിച്ചിട്ടുണ്ട്. മരിച്ചടക്കു ചിലവുകളെപ്പറ്റിയും മൃതദേഹ സംസ്കാരത്തെപ്പറ്റിയും പിന്നീട് 5 വർഷം കഴിയുമ്പോൾ കുഴി തുറന്ന് അസ്ഥികൾ മാറ്റുന്നതിനെപ്പറ്റിയും, ഇവ സംബന്ധമായ രേഖകൾ സൂക്ഷിക്കുന്നതിനെപ്പറ്റിയും, സെമിത്തേരി സംരക്ഷണത്തെപ്പറ്റിയും ഇതിനോടനുബന്ധമായ വരവു ചിലവു കണക്കുകൾ സൂക്ഷിക്കുന്നതിനെപ്പറ്റിയും എല്ലാം വിശദമായ നിർദ്ദേശങ്ങളുണ്ട്. 2019 നവംബർ 2 മുതൽ ഈ നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരും.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങളടങ്ങിയ കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2019 മാർച്ച് 4–ാം തീയതി ബന്ധപ്പെട്ട ഇടവക വികാരിമാരുടേയും ട്രസ്റ്റിമാരുടേയും യോഗം ചേർന്ന് ഭാവി നടപടികൾ ചർച്ച ചെയ്തു. തുടർ നടപടികൾ മുമ്പോട്ട് നയിക്കാൻ 5 പേരുടെ ഒരു സ്ഥിരസമിതിയെ ഈ യോഗം ബഹുമാനപ്പെട്ട വികാരിമാരുടെ നിർദ്ദേശാനുസരണം നിയോഗിച്ചു. സിമിത്തേരികളുടെ നടത്തിപ്പ് സമിതിയിൽ നമുക്ക് അർഹമായ പ്രാതിനിധ്യവും നിയന്ത്രണവും ഉണ്ടാവാനുള്ള പരിശ്രമങ്ങൾ നമ്മൾ ആരംഭിച്ചിട്ടുണ്ട്.

ഇതോടൊപ്പം ഈ സ്ഥലപരിമിതി പരിഹരിക്കാൻ നമ്മുടേതായ ചില ശ്രമങ്ങൾ കൂടി മേൽപ്പറഞ്ഞ യോഗം തീരുമാനിക്കുകയും എല്ലാ ഇടവകകളിലേക്കും ഈ തീരുമാനങ്ങൾ പ്രത്യേക കത്ത് വഴി അറിയിക്കാൻ എന്നെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത തീരുമാനങ്ങൾ താഴെപ്പറയുന്നവയാണ്.

1. സേക്രഡ് ഹാർട്ട് സിമിത്തേരിയിൽ നമ്മുടെ ഇടവകാംഗങ്ങൾക്ക് ഉള്ള കുടുംബകല്ലറകളുടെ വിശദാംശങ്ങൾ 30 April 2019 മുമ്പായി അതാത് ഇടവകകളിലെ വികാരിമാർ സെന്റ് തോമസ് ഫൊറോന ഇടവക ഓഫീസിൽ അറിയിക്കണം. ഈ ലിസ്റ്റിൽപെടാത്ത കല്ലറകൾ പൊതുകല്ലറകളായി പിന്നീട് കണക്കാക്കും.

2. പൊതുകല്ലറകളിൽ അടക്കം ചെയ്തിരിക്കുന്ന ഭൗതികാവശിഷ്ടങ്ങൾ (സീനിയോറിറ്റി അടിസ്ഥാനത്തിൽ തുറന്ന്) പ്രത്യേക അറകളിൽ സൂക്ഷിക്കും.

3. കുടുംബ കല്ലറകൾ പുതിയ സാഹചര്യത്തിൽ ഒരു കാരണവശാലും ഇനിമേൽ അനുവദിക്കില്ല. മരിച്ചവരെ സംസ്ക്കരിക്കുകയെന്നത് നമ്മുടെ വിശ്വാസത്തിന്റെ ഭാഗവും ഒരു ഉപവി പ്രവൃത്തിയും അതുപോലെ തന്നെ നമ്മുടെ ഉത്തരവാദിത്വവും ആണല്ലോ. ഇത് നിറവേറ്റുവാൻ നമ്മുടെ എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണവും ത്യാഗവും ഞാൻ അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സസ്നേഹം,

**ഫാ. സിറിയക് മഠത്തിൽ CMI**
ഫൊറോന വികാരി

# ഗ്രൂപ്പ് മെഡിക്കൽ ഇൻഷുറൻസ് – അവലോകനം

- നമ്മുടെ ഇടവകയിലെ Group Medical Insurance വിജയകരമായ 5–ാം വർഷത്തിലേക്ക് പ്രവേശിച്ചു. 160 അംഗങ്ങളാണ് 2019–20 വർഷത്തെ ഇൻഷുറൻസിൽ ചേർന്നിട്ടുള്ളത്. പ്രീമിയമായി ലഭിച്ചത് 17,30,216 രൂപയാണ്. മുൻവർഷത്തെ Claim Ratio എന്നത് ഏകദേശം 88% ആയിരുന്നു. അതിനാൽ തന്നെ പ്രീമിയത്തിൽ ഇത്തവണ വ്യത്യാസം ഉണ്ടായിരുന്നില്ല എന്നുമാത്രമല്ല ചെറിയ ഒരു ഡിസ്കൗണ്ടും ലഭിച്ചിരുന്നു.

- Medical Insurance-ൽ ചേരേണ്ടതിന്റെ പ്രാധാന്യം പല കുടുംബങ്ങളും ഇനിയും മനസ്സിലാക്കിയിട്ടില്ല എന്നു തന്നെ വേണം കരുതാൻ. നാം ജീവിക്കുന്ന ചുറ്റുപാടുകൾ, ജീവിതശൈലികൾ എന്നിവ തന്നെ ആരേയും എപ്പോൾ വേണമെങ്കിലും രോഗിയാക്കി മാറ്റാം എന്ന അവസ്ഥയാണ് ഉള്ളത്. Claim ചെയ്യാനായില്ല എന്ന കാരണത്താൽ Insurance - ൽ ചേരാതെ മാറി നിന്ന വ്യക്തികളേയും ധാരാളമായി കണ്ടുവരുന്നു.

എങ്കിൽ തന്നെയും, ഒരു നല്ല ശതമാനം അംഗങ്ങളും തങ്ങൾ ഇൻഷുറൻസിൽ ചേരേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയിരിക്കുന്നവർ തന്നെയാണ്. മെഡിക്കൽ ഇൻഷുറൻസിന്റെ ആവശ്യകതയെക്കുറിച്ച് കൃത്യമായ ധാരണയില്ലാത്തതും, പല മിഥ്യാധാരണകളുമാണ് ജീവിതത്തിൽ ഇന്ന് ഏറ്റവും അത്യാവശ്യമായ മെഡിക്കൽ ഇൻഷുറൻസിന്റെ ആവശ്യകത ശരിയായി മനസ്സിലാക്കാൻ സാധിക്കാത്തതിന്റെ മൂലകാരണമായി പറയാൻ സാധിക്കുന്നത്. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി വരും വർഷങ്ങളിൽ ധാരാളം പേർ ഇതിൽ അംഗങ്ങളാകും എന്ന് പ്രത്യാശിക്കാം.

പല ഇടവകകളിലും ആരംഭിച്ച് ആദ്യവർഷം തന്നെ നിന്നുപോയതും, എന്നാൽ നമ്മുടെ ഇടവകയിൽ വിജയകരമായ 5–ാം വർഷത്തിലേയ്ക്ക് കടക്കുകയും ചെയ്ത ഈ സംരംഭത്തിന് എല്ലാ പിന്തുണയും നൽകിയ അംഗങ്ങൾക്കും, വികാരിയച്ചനും, ട്രസ്റ്റിമാർക്കും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും.

**Sherin P. Devassy / Jose P. A.**
Insurance Co-ordinators

# FAREWELL GREETINGS





പുതിയ ദൗത്യങ്ങളിലേക്ക് യാത്രയായ മുൻ അസിസ്റ്റന്റ് വികാരിമാർ
തോമസ് തടത്തിലച്ചനും ടോം കുന്നുംപുറത്തച്ചനും
നന്ദിയും ആശംസകളും


# SANTHOME KINDER

PLAY. LOVE. LEARN



To EXPLORE, PLAY and LEARN... Children are the Curriculum!!

## ADMISSIONS OPEN!!

**CONTACT US:**
St. Thomas Forane Church
Christ School Road, Dharmaram, Bangalore 560029
Phone: 9742863560, Email: santhomekinder@gmail.com





**Fr. Emil Pullikattil CMI**
Sehion, Attapadi

# ഉത്ഥാനവും പുതുജൻമവും

**"നീ ഈ ജീവിതത്തിൽ നിന്നു ഞങ്ങളെ പുറത്താക്കുന്നു. എന്നാൽ പ്രപഞ്ചത്തിന്റെ അധിപൻ ഞങ്ങളെ അനശ്വരമായ നവജീവിതത്തിലേയ്ക്ക് ഉയിർപ്പിക്കും" (2മക്ക7:9).**

ഉത്ഥാന ദർശനം യഹൂദ പശ്ചാത്തലത്തിൽ അത്ര സാധാരണമല്ല. എന്നിട്ടും മക്കബായരുടെ പുസ്തകം അതിനെ സാമാന്യമായി വ്യാഖ്യാനിക്കുന്നുണ്ട്. ഇവിടെ ജീവിതത്തിന്റെ ദുഃഖവെള്ളിയിൽ നിന്ന് ഒരമ്മയും 7 മക്കളും വിശ്വാസത്തെപ്രതി മരണം വരിക്കുമ്പോഴും ഉത്ഥാനത്തിലുള്ള പ്രത്യാശയെ ഏറ്റുപറയുകയാണ്. മരണത്തിനപ്പുറം അനശ്വരമായ നവജീവൻ ഉണ്ടെന്ന സത്യം പ്രഖ്യാപിക്കുകയാണ്.

ജീവിതത്തിലെ ദുഃഖവെള്ളിയിൽ നിൽക്കുന്ന ഏതൊരാൾക്കും ധ്യാനിച്ചു പ്രാർത്ഥിക്കാവുന്നതേയുള്ളൂ ഈ വചനം. അല്ലെങ്കിൽ തന്നെ ആരാണ് ഈ കാലഘട്ടത്തിൽ സഹനവഴികളിലൂടെ കടന്നുപോകാത്തത്? ശ്രദ്ധിച്ചിട്ടില്ലേ, LKG ക്ലാസ്സിലേയ്ക്ക് അതിരാവിലെ ബാഗുമായി ഇറങ്ങുന്ന ഒരു കുഞ്ഞു പോലും അനുഭവിക്കുന്ന ഉത്ക്കണ്ഠാകുലമായ ജീവിതം.

എനിക്കു തോന്നുന്നു, ഈ ഈസ്റ്റർ ചിന്തയെ ബലപ്പെടുത്തിയെടുത്താൽ തീരാവുന്നതേയുള്ളൂ മനുഷ്യന്റെ എല്ലാ സങ്കടങ്ങളും, നിരാശകളും. അതുകൊണ്ടാണ് ഈ 7 മക്കളുടെ അമ്മയെക്കുറിച്ച് വചനം എഴുതുന്നത് "ആ മാതാവ കട്ടെ, സവിശേഷമായ പ്രശംസയും സംപൂജ്യമായ സ്മരണയും അർഹിക്കുന്നു. ഒറ്റദിവസം 7 പുത്രൻമാർ വധിക്കപ്പെടുന്നത് കണ്ടെങ്കിലും, കർത്താവിലുള്ള പ്രത്യാശ നിമിത്തം അവൾ സധൈര്യം അത് സഹിച്ചു" (2 മക്ക7:20).

അപ്പോൾ അങ്ങനെയും ചില

മനുഷ്യരുണ്ട്. കൺമുമ്പിൽ ദുരന്തമിങ്ങനെ ആവർത്തിച്ച് ആവർത്തിച്ച് അരങ്ങേറുമ്പോഴും അക്ഷോഭ്യരായി നിൽക്കുന്നവർ. സഹനഭൂമിയിൽ ഈസ്റ്ററിനെ ധ്യാനിക്കുന്നവർ. ''എന്തെന്നാൽ പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല'' (റോമ 5:5).

പോളീഷ് ചെയ്തെടുത്ത ഒരു എപ്പിക്യൂറിയൻ സിദ്ധാന്തത്തിൽ ഊന്നിയാണ് സമകാലീന നഗരജീവിതം മുന്നോട്ടു പോകുന്നതെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. തിന്നുക, കുടിക്കുക, ആഹ്ലാദിക്കുക, കാരണം നാളെ നിങ്ങൾ മരിക്കും. ഒരു മെലങ്കോളിക് സ്വഭാവഘടനയെ അതിന്റെ എല്ലാ ഗ്രാവിറ്റിയോടും കൂടി ആവാഹിച്ചു വെച്ച ഫിലോസഫി ആണിത്. ഒരു മനുഷ്യന് എത്രമാത്രം തിന്നാൻ സാധിക്കും? കുടിക്കാൻ സാധിക്കും? എന്നാൽ തീരുമോ വിശപ്പും ദാഹവും? വാക്കുകളുടെ തോടുനീക്കി പൊളിച്ചു നോക്കണം ജീവിതത്തെക്കുറിച്ചുള്ള എപ്പിക്യൂറിയൽ നിരർത്ഥത വെളിപ്പെട്ടു കിട്ടാൻ.

ഇത്തരുണത്തിലാണ് മരണത്തിനു മുമ്പിലും അക്ഷോഭ്യരായി നിൽക്കുന്ന ചിലരുടെ മനസ്സിന്റെ ആഴങ്ങളെ നാം ധ്യാനിക്കേണ്ടി വരുന്നത്. ജോബിന്റെ പുസ്തകം പറയുന്നു: പ്രത്യാശയുള്ളതുകൊണ്ട് നിനക്ക് ആത്മവിശ്വാസം ഉണ്ടാകും. നീ സംരക്ഷിക്കപ്പെടുകയും, സുരക്ഷിതനായി വിശ്രമിക്കുകയും ചെയ്യും. (ജോബ് 11:18) അപ്പോൾ പ്രത്യാശയുടെ പളുങ്കുപാത്രം എവിടെയെങ്കിലും ഉടഞ്ഞുപോയിട്ടുണ്ടെങ്കിൽ കൃപയോടെ അതിനെ തിരികെ പിടിക്കുക എന്നതാണ് പ്രധാനം. അപ്പോൾ സന്തോഷത്തിന്റേയും സമാധാനത്തിന്റേയും അടരുകൾ ജീവതത്തിന്റെ ഭാഗമായി തുടങ്ങും. വചനം പറയുന്നു ''പ്രത്യാശയുടെ ദൈവം വിശ്വാസത്താൽ സകല സന്തോഷങ്ങളും സമാധാനവും കൊണ്ട് നിങ്ങളെ നിറയ്ക്കട്ടെ. അങ്ങനെ, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധി പ്രാപിക്കുകയും ചെയ്യട്ടെ'' (റോമ 15:13)

ഒന്നിരുന്നു ധ്യാനിച്ചാൽ ഈ പ്രത്യാശയുടെ ദീപ്തി ഏറ്റവും അധികം തെളിഞ്ഞു നിൽക്കുന്നത് ക്രിസ്തുവിന്റെ ഉയിർപ്പിലാണെന്നു നമുക്ക് ബോധ്യപ്പെടും. അരിമത്തിയാക്കാരൻ ജോസഫിന്റെ പുതിയതായി വെട്ടിയുണ്ടാക്കിയ കല്ലറയിൽ ക്രിസ്തുവിന്റെ ശരീരം അടക്കം ചെയ്തു പോരുമ്പോൾ മഗ്ദലേന മറിയത്തിനോ പത്രോസിനുപോലുമോ പ്രതീക്ഷയില്ലായിരുന്നു കല്ലറകളുടെ ജീർണതകളെ ക്രിസ്തു അതിജീവിക്കുമെന്ന്. ലാസർ ഉയിർക്കുമെന്ന് അവന്റെ സഹോദരിമാർ വിശ്വസിക്കാത്തതു പോലെ തന്നെ. ആഴ്ചയുടെ ആദ്യ ദിവസം മഗ്ദലേന മറിയം കല്ലറയിൽ പോയത് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണാൻ വേണ്ടി ആയിരുന്നില്ല. മനുഷ്യന്റെ ലോജിക്കിന്റെ ചൂട് സീറോ സെൽഷ്യസിലേയ്ക്ക് എത്തുന്ന സന്ദർഭങ്ങളുണ്ട്. ഇനി പ്രതീക്ഷിച്ച് കാര്യമില്ല എന്നു സ്വയം ഏറ്റുപറയുന്ന നിമിഷങ്ങൾ. അവിടെ ദൈവത്തിന്റെ ഒരത്ഭുതത്തിനായി പ്രത്യാശയോടെ കാത്തിരിക്കുക. അത് ബെത്സെയ്ദാ കുളക്കരയിൽ കുളം ഇളകുമ്പോൾ ഒരു നാൾ തനിക്കും ഇറങ്ങാൻ സാധിക്കും എന്ന് വിശ്വസിച്ച് 35 വർഷം കിടന്ന തളർവാതരോഗിയുടെ പ്രത്യാശയാണ്. ഋതുക്കൾക്കോ കാലഭേദങ്ങൾക്കോ തല്ലിക്കൊഴിക്കാൻ കഴിയാത്ത പ്രത്യാശ. അവിടെ ക്രിസ്തു വരും. അവൻ ചോദിക്കും ഞാൻ നിനക്ക് എന്തു ചെയ്തു തരണം എന്നാണ് നീ ആഗ്രഹിക്കുന്നത്. അതുകൊണ്ടാണ് വചനം പറയുന്നത് ''കർത്താവിൽ പ്രത്യാശ അർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യം അവലംബിക്കുവിൻ, കർത്താവിനുവേണ്ടി കാത്തിരിക്കുവിൻ'' (സങ്കീ 27:14).

ഉയിർപ്പ് വാഗ്ദാനം ചെയ്യുന്നത് ക്രിസ്തുവിലുള്ള പുതുജൻമംകൂടി ആണ്.

> **എന്തെന്നാൽ പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല (റോമ 5:5)**

പൗലോസ് ശ്ലീഹാ ഈ ഉയിർപ്പിനെ അടയാളപ്പെടുത്തുന്നത് ക്രിസ്തുവിനെ ധരിച്ച് പുതുജൻമം പ്രാപിക്കുക എന്നാണ്. ''യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ'' (എഫേ 4:24). ഓർക്കണം ക്രിസ്തു കല്ലറയിൽ നിന്ന് എഴുന്നേറ്റു പോരുമ്പോൾ അവശേഷിച്ചത് ചുരുട്ടിവെച്ച ഒരു കച്ചയായിരുന്നു. ദുഃഖവെള്ളി അണിയിച്ച രക്താങ്കിത വസ്ത്രം അവനിനി ആവശ്യമില്ല. ക്രിസ്തുവിനെ രക്ഷകനും നാഥനും ആയി സ്വീകരിക്കുന്നവർക്കും അത് അങ്ങനെ തന്നെ. നിരാശയുടെയും പാപത്തിന്റെയും അങ്കികൾ അവർക്കു അഴിച്ചുവയ്ക്കാൻ സമയമായി. കാരണം പാപത്തിന്റെ ചങ്ങലകൾ കാൽവരിയിൽ തകർന്നതാണ്. സ്വർഗ്ഗത്തിന്റെ വാതിലുകൾ മനുഷ്യപദങ്ങൾക്കായി കാത്തിരിക്കുകയാണ്. അത് വെളിപാടു പുസ്തകത്തിൽ വിവരിക്കുന്ന നിർമ്മലവസ്ത്രം പോലെയാണ്. ''നമുക്ക് ആനന്ദിക്കാം, ആഹ്ലാദിച്ച് ആർപ്പുവിളിക്കാം. അവിടുത്തേയ്ക്ക് മഹത്വം നൽകാം. എന്തെന്നാൽ, കുഞ്ഞാടിന്റെ വിവാഹം സമീപിച്ചിരിക്കുന്നു. അവിടുത്തെ മണവാട്ടി ഒരുങ്ങി കഴിഞ്ഞു. ശോഭയേറിയതും നിർമ്മലവുമായ മൃദുലവസ്ത്രം ധരിക്കാനുള്ള അനുഗ്രഹം അവൾക്ക് നൽകപ്പെട്ടിരിക്കുന്നു'' (വെളി 19:7–8).

ഒരു പൂ വിരിയുന്നതുപോലെ ആഴ്ചയിലെ ആദ്യദിവസം അവൻ പൊട്ടിവിടരുന്നു. എന്തിനുവേണ്ടി? മരണംപോലും ഒന്നിന്റെയും അവസാനമല്ലെന്ന് മനുഷ്യകുലത്തെ ഓർമ്മിപ്പിക്കുവിൻ. ഈസ്റ്റർ നൽകുന്ന പ്രത്യാശയേയും ഈസ്റ്ററിൽ സംഭവിക്കുന്ന പുതുജൻമത്തേയും നമുക്ക് നിശബ്ദതയിൽ ഇത്തിരിനേരം ഓർക്കാം.

ഇനി നിങ്ങൾ ക്രൂശിക്കപ്പെട്ടവനെ തിരഞ്ഞു നടക്കരുത്. താൻ അരുൾച്ചെയ്തതുപോലെ അവൻ ഉയിർപ്പിക്കപ്പെട്ടു.
എനിക്കും നിനക്കും പ്രത്യാശ പകരാനും എന്റെയും നിന്റെയും ദുഃഖവെള്ളി ജീവിതങ്ങൾക്ക് ഉത്തരം നൽകാനും.



# തിരിച്ചറിവിന്റെ തിരുനാൾ



**Bro Jomit Chakiriamthadathil CMI**
**Dharmaram**

നോമ്പ് നോറ്റ് പ്രാർത്ഥിച്ച് ജീവിതത്തിന്റെ കറകളെ പാപസങ്കീർത്തന വേദിയിൽവച്ച് കഴുകി കളഞ്ഞ്, ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനമായ, അടിത്തറയായ ഉത്ഥാന തിരുനാളിലേക്ക് പ്രവേശിക്കുമ്പോൾ ഉള്ളിൽ തെളിയണം ഇത് തിരിച്ചറിവിന്റെ തിരുനാളാണെന്ന യാഥാർത്ഥ്യം. ആ ദുഃഖവെള്ളിയാഴ്ച എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു എല്ലാം കഴിഞ്ഞു, പീലാത്തോസ് സ്വസ്ഥമായി കിടന്നുറങ്ങി. പുരോഹിതന്മാർ ആഘോഷം തുടങ്ങി. അടച്ചുകുറ്റിയിട്ട മുറിക്കകത്തു ശിഷ്യന്മാർ ചുരുണ്ടുകൂടി. ജനം അവരുടെ ലോകത്തിലേക്ക്, പ്രതീക്ഷകൾക്ക് വിരാമമിട്ട് തിരിച്ചുപോയി. ഇനിയാണ് തിരിച്ചറിവിന്റെ വിശാലമായ വാതായനം നമുക്കു മുന്നിൽ തുറന്നിടുന്നത്. മനുഷ്യന്റെ കഴിവുകൾ അവസാനിക്കുന്നിടത്തു ദൈവത്തിന്റെ സാധ്യതകൾ തുടങ്ങുന്നു. പറഞ്ഞു നിർത്തും മുൻപ് എല്ലാവർക്കും തിരുത്തിപ്പറയേണ്ടി വന്നു. ''നിങ്ങൾ കുരിശിൽ തറച്ച യേശുവിനെ ദൈവം കർത്താവും, ക്രിസ്തുവുമായി ഉയർത്തി. അതിന് ഞങ്ങൾ സാക്ഷികളാണ്'' (അപ്പ 2:36). ''ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ് നിങ്ങളുടെ വിശ്വാസവും വ്യർത്ഥം'' (1 കോറി. 15:4). ''ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്തിന്''? (ലൂക്ക 24:5) ഞങ്ങൾ കേട്ടതും, സ്വന്തം കണ്ണുകൊണ്ട് കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും, കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി അറിയിക്കുന്നു (1യോഹ 1:1). ഗൂഢാലോചനകൾക്കും, ഒറ്റിക്കൊടുക്കലുകൾക്കും, അന്യായവിധികൾക്കും തിരസ്കരണത്തിനും, അടിച്ചമർത്തലുകൾക്കും എതിരെയുള്ള വെല്ലുവിളിയാണ് ഉയിർപ്പ് എന്ന വലിയ തിരിച്ചറിവിന്റെ ദിനം ഉത്ഥാനതിരുനാൾ – ഈസ്റ്റർ.

അത്ഭുതങ്ങളോ പീഡാസഹനങ്ങളോ, അല്ല നിന്നെ ചിന്തിപ്പിക്കേണ്ടത്. ദൈവത്തിന്റെ സാധാരണ ഇട

പെടലുകളാണ്. മുഖംപടർപ്പ് കത്തിയിട്ടും ചാമ്പലാകാത്തത് കണ്ട് നോക്കി നിന്ന് ദൈവസ്വരം ശ്രവിച്ച മോശയെപ്പോലെ ഒരു തൂവാല ചുരുട്ടിവെച്ചിരിക്കുന്നത് കണ്ട് ക്രിസ്തുവിന്റെ വാക്കുകളെ വിശ്വസിച്ച പത്രോസിനെയും പ്രിയശിഷ്യനേയും പോലെ, നിന്റെ ജീവിതത്തിലെ ദൈവത്തിന്റെ ഇടപെടലുകളെ നീ തിരിച്ചറിയണം. ഓശാനകളിൽ സന്തോഷിച്ചാലും പീഡാസഹനങ്ങളിൽ തകർന്നാലും കാത്തിരിപ്പിന്റെ നാളുകൾക്കൊടുവിൽ നിന്റെ ദൈവം നിന്നെ സന്ദർശിക്കുമെന്നും ഉയിർപ്പിക്കുമെന്നും വിശ്വസിക്കണം. ഒരു ഓശാന വിളിയും പീഢാസഹന നാളുകളും ശാശ്വതമല്ലെന്നും അതിലൂടെയെല്ലാം ദൈവം നിന്നെ ഉയിർപ്പിന്റെ മഹത്വത്തിലേക്ക് നയിക്കുകയാണെന്ന തിരിച്ചറിവ് നിനക്കുണ്ടാകണം.

തിരിച്ചറിവുകളുടെ കുറവാണ് ഇന്ന് പല ബന്ധങ്ങളിലും വിള്ളലുകൾക്ക് കാരണമാകുന്നത്. വേദനകളുടെ നെരിപ്പോടുകളിൽ ഉരുകി തീരുന്ന പഴയ നിയമം ജോബിനെ തിരിച്ചറിയാൻ അവന്റെ പാതിക്ക് കഴിയാതെ പോകുന്നു. അസ്ഥിയുടെ അസ്ഥിയും മാംസത്തിന്റെ മാംസവുമായ തന്റെ പ്രിയതമ അദ്ദേഹത്തോട് പറഞ്ഞു: ഇനിയും ദൈവഭക്തിയിൽ ഉറച്ചു നിൽക്കുന്നോ? ദൈവത്തെ ശപിച്ചിട്ട് മരിക്കുക (ജോബ് 2:9). സമ്പത്തും മക്കളും സൗഭാഗ്യങ്ങളും നഷ്ടപ്പെട്ട് സഹനത്തിന്റെ തീച്ചൂളയിൽ വെന്തു നീറുമ്പോഴും രക്ഷയുടെ ദൂതുമായി തന്റെ ദൈവം തന്നെ സന്ദർശിക്കുമെന്ന ജോബിന്റെ തിരിച്ചറിവിന്റെ ആഴം ഭാര്യയ്ക്കു ഇല്ലാതെ പോകുന്നു. കുടുംബബന്ധങ്ങളിലും സമൂഹ ബന്ധങ്ങളിലും വ്യക്തിബന്ധങ്ങളിലും പരസ്പരമുള്ള ഈ തിരിച്ചറിവ് നഷ്ടപ്പെടുന്നതുകൊണ്ടാണ് വിളക്കിച്ചേർക്കാൻ കഴിയാത്തവിധം പല ബന്ധങ്ങളും ഇന്ന് അറ്റുപോകുന്നത്. യേശുവിന്റെ കല്ലറയുടെ പുറത്ത് മറിയം കരഞ്ഞുകൊണ്ട് കാവൽ നിൽക്കുന്നു. അവളുടെ തുറവിയുള്ള ആത്മാർത്ഥ സ്നേഹത്തിന് മുൻപിൽ അവൻ പേരുചൊല്ലിവിളിച്ചു. മറിയം! അങ്ങനെ മഗ്ദലേനക്കാരി മറിയം ഉത്ഥാനത്തിന്റെ ആദ്യസാക്ഷിയായി.

കച്ചയും തൂവാലയും ഉപേക്ഷിച്ചാണ് അവൻ ഉയിർത്ത് പിതാവിന്റെ വലതുഭാഗം അലങ്കരിച്ചത്. ഉത്ഥാന തിരുനാൾ വിശ്വാസപൂർവ്വം കൊണ്ടാടുമ്പോൾ ജീവിതത്തിൽ മൂടിപൊതിഞ്ഞുവച്ചിരിക്കുന്ന ചില കച്ചകൾ നീ ഉപേക്ഷിക്കണം. അതുകാണുമ്പോൾ മറ്റുള്ളവർ തിരിച്ചറിയും നീ നന്മയുടെ പാതയിലേയ്ക്ക് തിരിച്ചെത്തിയിരിക്കുന്നു എന്ന യാഥാർത്ഥ്യം. അക്വേറിയത്തിലെ സ്വർണ്ണമത്സ്യങ്ങളെ മറ്റുള്ളവർക്ക് കാണണമെങ്കിൽ ചില്ല് വൃത്തിയായിരിക്കണം. നിത്യേനയുള്ള കുർബാന, കൂടെക്കൂടെയുള്ള കുമ്പസാരം, മുടങ്ങാത്ത കുടുംബപ്രാർത്ഥന എന്നിവയിലൂടെ നീ തുടയ്ക്കപ്പെടുമ്പോൾ നിന്നിൽ സ്നേഹത്തിന്റെ ദിവ്യപ്രകാശം തെളിയുന്നതായി നീ തിരിച്ചറിയും. നിന്നിൽ ദൈവത്തിന്റെ ശോഭയാർന്ന മുഖം അപരൻ ദർശിക്കും. ഹൃദയം സ്വർണ്ണമയമായി തീരും. ആ ഹൃദയത്തിലൊരിടം നേടാൻ ആരും ആഗ്രഹിക്കും. ഉയിർത്തെഴുന്നേറ്റ കർത്താവ് നിന്നെത്തേടി, നിർമ്മലമായ ഹൃദയം നിന്നിൽ രൂപാന്തരപ്പെടുമ്പോൾ അനേകം ആത്മാക്കളെ അവനുവേണ്ടി നേടാൻ നിനക്കു കഴിയുമെന്ന് നീ തിരിച്ചറിയും. ഒന്നുകൂടി കടന്നു ചിന്തിക്കുമ്പോൾ ആരവങ്ങളില്ലാത്ത ജീവിതം നയിക്കാനുള്ള തിരിച്ചറിവ് ഉത്ഥാനതിരുനാൾ നൽകുന്നുണ്ട്. അവൻ ഉയിർത്തത് ഓശാനപാടി എതിരേറ്റ ജനത്തിന്റെ ഹർഷാരവത്തിന്റെ മുൻപിലോ ജറുസലേം ദേവാലയമദ്ധ്യത്തിലെ ജനസാഗരത്തിലേക്കോ അല്ല. മറിച്ച് ആരാരുമറിയാതെ ആരവങ്ങളില്ലാതെയാണ്. ബഹളങ്ങളില്ലാതെ ദൈവനുഭവബോധത്തിൽ ജീവിക്കുവാനുള്ള ബോധ്യവും തിരിച്ചറിവും അവന്റെ ഉത്ഥാനം നമുക്കു നൽകുന്നു,

ഉത്ഥിതനായ ഈശോ ഇന്നും ജീവിക്കുന്നു. നമ്മിലൂടെ... നമ്മുടെ വാക്കിലൂടെ... നമ്മുടെ പ്രവർത്തനത്തിലൂടെ അവനെ മറ്റുള്ളവർ കാണുന്നു. അധ്വാനത്തിന്റെയും കഷ്ടപ്പാടിന്റെയും ദുഃഖവെള്ളിയാഴ്ചകളിൽ കൂടി കടന്നുപോകേണ്ടിവരുമ്പോഴും നിരാശയും ഭയവും നീക്കി സന്തോഷഭരിതരായി തിരിച്ചറിവിന്റെ ബോധ്യം ഉൾകൊണ്ട് ജീവിക്കാൻ ഉത്ഥിതനായ ഈശോ നമ്മെ ശക്തരാക്കട്ടെ. ഉത്ഥിതനായ ഈശോയുടെ സമാധാനാശംസ നമ്മുടെ ഹൃദയങ്ങളിൽ നിറയട്ടെ. തിരിച്ചറിവിന്റെ ബോധത്തിൽ നിന്ന് തുറവിയുള്ള ഹൃദയവുമായി ദിവ്യനാഥന്റെ ഉത്ഥാനാനുഭവം പകർന്നു കൊടുക്കുവാനായി നമുക്കു മാറാം.

# POPE FRANCIS IN UAE





Jerin Anna James

"Faith in God invites & does not divide, it draws us closer despite differences, it distances us from hostilities & aversion " - Pope Francis

In 2000 yrs of Catholic Church existence, February 3rd 2019 marks the first ever visit by a pontiff to the Arabian Peninsula. This visit was not just a remarkable event for only the 1 million Catholics in UAE, but an unforecedented moment for all Catholics around the world.

The Pope was invited by Abu Dhabi's crown Prince Sheik Mohammad Bin Zayed Al Nahyan to take part in the interfaith conference. It was the crown prince who decided that UAE would observe 2019 as "Year of Tolerence". He created a new ministry called 'Ministry of Tolerance'. Sheik Nahyan Bin headed the ministry. He is widely respected for his liberal views & unwavering commitment to pluralism. It was also the crown prince who decided that the

year to tolerance would begin with invitation to the Pope to visit UAE to bless jointly with grand Imam of Al - Azhar Ahmad Al Jayyed, a government sponsored global interreligious conference for "Human Fraternity" in Abu Dhabi.



## Arrangements

- This was the biggest public event ever in the history of UAE.
- As a mark of respect to the Pope's visit the UAE air force hosted an air show which displayed the UAE Flag (Yellow & White) that covered the entire Abu Dhabi sky.
- Paid leave was declared to all the Catholics in private sectors.
- A Public holiday was declared for all government employees.
- Transport facility was free for all the Emirates.

On February 4th there was a grand welcome ceremony at the main entrance of the Presidential Palace which was followed by the official visit to Crown Prince at the Palace. On the same day the Pope also visited the Grand Mosque after which he attended a private meeting with the members of Muslim Council of Elder & International Interfaith Meeting, the Primary Cause of the Pope's visit to UAE.

On 5th February the Pope payed a private visit to Cathedral of Abu Dhabi followed by Holy Mass at Zayed sports city Stadium. Approximately 1,20,000 people were present in the stadium and more than 5 lakhs witnessed the event outside the stadium & live streaming throughout the world. Pope Francis along with Cardinal Basalios Cleemo's Catholica Bava, Cardinal George Allencherry celebrated the Holy Mass in the land of Abu Dhabi.

Marking the 800th Anniversary of the meeting between St. Francis of Assisi & Sultan al-Malik al- Kammil of Egypt in 1219, the pontiff presented Sheik Mohammed with a framed medallion. It depicted the famed meeting between the two key figures in Islam & Christianity where they discussed how to achieve peace. In return, Pope Francis was presented a leather box containing a document issued on 22 June 1963 by the late Sheikh Shakhbut bin Sultan, the Ruler of Abu Dhabi.

As the Pope greeted to the crowd for the much awaited Holy Mass, a small Philippine girl escaped from the security lines and ran upto the Popes White G-Wagon. The Pontiff stopped the car and blessed the little girl, who gave him a letter. This was a heart touching moment for all the people present there.

With Pope Francis having said prior to his visit to UAE, it was his mission to establish more churches, the ruler as a mark of respect decided to build two new places of worship in celebration of interfaith relations. Pope Francis, Dr. Al Jayeb & Abu Dhabi Crown Prince Sheik Mohammed Bin Zayed signed the foundation stones.

A farewell ceremony was held at Abu Dhabi Presidential Airport after which the Pope departed to Rome marking a historical event.

# CATHOLICS SHOULD KNOW

## 1 WOMEN WILL NEVER BE PRIESTS

Often incorrectly lumped in with the subject of married priests, this is a doctrine that has been infallibly decided and will not change. 1994, Pope John Paul II issued an Apostolic Letter, Ordinatio Sacerdotalis, in which he declared once for all that “the Church has no authority what-ever to confer priestly ordination on women and this judgment is to be definitively held by all the church’s faithful”. Unlike the issue of married priests (church could possibly change), women’s ordination is an impossibility that will not happen. It is not a glass ceiling” or the Church’s attempt to hold back women. Instead, it is an infallible recognition that men and women have different roles and that Christ instituted a male priesthood.



## FRIDAYS ARE STILL DAYS OF PENANANCE 2



Ask almost anyone and they will tell you that Catholic are no longer required to abstain from meat on Fridays throughout the year. However current Code of Canon Law (CIC) states that, with the exception of solemnities “All Fridays through the year and the time of Lent are penitential days and time throughout the entire Church”. Furthermore, “Abstinence from eating meat or another food according to the prescriptions of the conference of bishops is to be observed on Fridays through the year unless they are solemnities''. In the United States, the bishop have declared that it is permissible substitute some other form of but penance we are still urged to fast from “something in remembrance of the Lord’s death on the cross.

# 3 THE BIBLE IS A CATHOLIC BOOK

Did you ever wonder how the Bible came into being? A little known, but easily documented fact is that the books of the Bible were compiled by the Catholic Church. For many years after Christ ascended into Heaven, there was debate about which scriptural writings were inspired by God. The canon of Scripture (the books of the Bible) was first formally decided at the Synod of Rome in 382. This decision was upheld at the Councils of Hippo (393) and Carthage (397). At these Catholic Church councils, the same 46 Old Testament and 27 New Testament books that appear in today's Catholic Bibles were declared to be inspired by God. As a side note, approximately 1200 years after this decision was made, Martin Luther and the Protestant reformers removed 7 books from the Old Testament. As a result, most Protestant Bibles are still missing these 7 books.



# DON'T WORSHIP MARY AND THE SAINTS 4

Many Catholics are confused about the role of the Blessed Mother and the Saints. Should we pray to Mary and the Saints or should we go "right to the top" and pray to God? In a nutshell, the Catholic Faith teaches that we must worship God alone. Mary and the Saints are to be honored, not worshipped. However, their intercession can be extremely powerful and emulating their virtues can put us on the road to Heaven.



***Courtesy: Corner stone***

# GLIMPSES OF PAST




















ತ ಥಾಮಸ್ ಫೊರೇನ್ ದೇವಾಲಯ, ಬೆಂಗಳೂರು
ST. THOMAS FORANE CHURCH
RISH FEAST 20















# CHURCH NEWS

## INTERNATIONAL

### Pope brings 14 men and women a step closer to sainthood

Pope Francis on Tuesday, 19 March 2019, took 14 men and women a step closer to sainthood, among them an Italian missionary martyred in Myanmar and 7 bishops killed for their faith in Romania.

The Pope received Cardinal Angelo Becciu, Prefect of the Congregation for the Causes of Saints and authorized the promulgation of 8 new decrees, recognizing the heroic virtues of 4 Italian nuns and an Italian priest, a miracle attributed to the intercession of a Spanish nun and the martyrdom of 8 men.

### We will be judged for whether we shared our daily bread, Pope says

The daily bread asked of God in the 'Our Father' is for everyone, and Christians will be judged by how well they shared their gifts with those in need, Pope Francis said Wednesday.

Let's get this in our heads: food is not private property, but providence to be shared with the grace of God, the pope said on March 27.

He reflected during the general audience on a line in the Lord's Prayer, which says, "give us this day our daily bread". Pope Francis explained that one day this "daily bread" could be the cause of one's condemnation, if he or she did not share it with others.

### Franciscan friar from Kenya wins $1m Global Teacher Prize

Brother Peter Tabichi, a mathematics and physics teacher at Keriko Mixed Day Secondary School in Pwani Village, won the $1 million Global Teacher Prize for 2019. He plans to give away the money saying, "This prize does not recognize me but recognizes this great continent's young people. I am only here because of what my students have achieved. This prize gives them a chance. It tells the world that they can do anything," Tabichi said.

Chosen from among 10,000 nominees, Tabichi will also become global ambassador for the Varkey Foundation, which established the award. The international organization, founded in 2010 by Indian businessman Sunny Varkey, looks to raise the standards of education for students across the developing world.



## NATIONAL

### Salesian missionaries with BREADS continue rehabilitation work after devastating Kerala flooding

After initial support was provided in the immediate aftermath, Salesian missionaries with BREADS (BREADS – Bangalore Rural Education and Development Society) began making a long-term plan for rebuilding in the region. They launched a #RebuildKerala campaign to mobilize human resources and support from Don Bosco institutions for the huge task of cleaning up houses, public institutions and neighborhood areas to help people return to their homes. Don Bosco formation houses (seminarians), colleges and high schools were engaged in the clean up campaign. Volunteer groups of youth, students and staff of Don Bosco institutions and youth centers reached out to 38 villages, cleaning 408 houses, three government offices/PRI institutions, one church and one retreat center.

### A decade on, anti-Christian riots inspire Indian Church

